(കെ) പഞ്ചാബ് ഒഴികെയുള്ള സംസ്ഥാനങ്ങളിൽ ബീഹാറിനാണ് ഏറ്റവും കൂടുതൽ വർദ്ധനവ് ഉണ്ടായത്. ഈ വർദ്ധനവ് 35%മാണ്.

ശൈശവ വിവാഹനിരോധന നിയമം ലംഘിച്ചത്

* 8 [9] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, ടി. കെ. ഹംസ :
,, എം. ജിനദേവൻ :
,, സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശൈശവ വിവാഹ നിരോധന നിയമം ലംഘിച്ചതിന്റെ പേരിലും തന്റെ മകളുടെ ജനനത്തീയതി തിരുത്തിയതിന്റെ പേരിലും സംസ്ഥാന മന്ത്രിസഭയിലെ ഏതെങ്കിലും അംഗം പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് ഏതെങ്കിലും കോടതി ഉത്തരവായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു മന്ത്രിക്ക് എതിരായി ; ഏതു കോടതി ഉത്തരവായി ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഈ വിഷയത്തെ സംബന്ധിച്ച് ഔദ്യോഗികമായ വിവരണമൊന്നും ഗവൺമെൻറിന് ലഭിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

വനഭൂമി

* 9 [10] കെ. എസ്. നാരായണൻ നമ്പൂതിരി :
,, മണിമംഗലത്തു കുട്ട്യാലി :
,, തോപ്പിൽ രവി :
,, കെ. കെ. ശ്രീനിവാസൻ :
,, എ. സി. ജോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാന ഗവൺമെൻറ് വക എത്ര ഹെക്ടർ വനഭൂമിയുണ്ട് ;

(ബി) ഈ ഭൂമി അന്യാധീനപ്പെടുവാൻ എന്തെല്ലാം നടപടികളാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഗവൺമെൻറ് സംരക്ഷണനടപടി അതിലംഘിച്ച് ഭൂമി കൈയേറിയതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) 1,122,114 ഹെക്ടർ വനഭൂമിയുണ്ട്. വനേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുത്ത വനഭൂമി കണക്കിലെടുത്താൽ ഫലത്തിൽ ഇപ്പോൾ 940,000 ഹെക്ടർ വനഭൂമിയേ ഉള്ളൂ.

(ബി) വനഭൂമി കൈയേറ്റം തടയുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly